Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE

# ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് വജ്രജൂബിലി
# നഴ്സിംഗ് സീറ്റുകൾ കൂട്ടണം: മന്ത്രി റോജി എം ജോൺ

തൃശൂർ: നഴ്സിംഗ് സീറ്റുകൾ വർധിപ്പിച്ച് കേരളത്തിൽതന്നെ കൂടുതൽ വിദ്യാർത്ഥികൾക്കു പഠിക്കാൻ അവസരം ഒരുക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആഗ്രഹമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ. ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനച്ചടങ്ങായ ‘ആരോഹ 2026’ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ ബിഎസ് സി നഴ്സിംഗിനു പതിനായിരത്തോളം സീറ്റുകളേയുള്ളൂ. ഒരു വർഷം അമ്പതിനായിരത്തോളം വിദ്യാർത്ഥികൾ കേരളത്തിനു പുറത്തുപോയി നഴ്സിംഗ് പഠിക്കുന്നുണ്ട്. ഒരോ വിദ്യാർത്ഥിയും വർഷം പത്തു ലക്ഷം രൂപ ചെലവാക്കുന്നു. അമ്പതിനായിരം കോടി രൂപയാണ് കേരളത്തിലെ നഴ്സിംഗ് വിദ്യാർത്ഥികൾ ഇതര സംസ്ഥാനങ്ങളിൽ ചെലവാക്കുന്നത്. ജനറൽ നഴ്സിംഗിലും സമാനമായ സ്ഥിതിയാണ്. ആശുപത്രിപോലും ഇല്ലാത്ത സ്ഥാപനങ്ങളിലാണ് അവിടങ്ങളിലെ നഴ്സിംഗ് പഠനം. ഇതര സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾ ഇങ്ങോട്ടുവന്നു പഠിക്കുന്ന സ്ഥിതിയുണ്ടാകണമെന്ന് മന്ത്രി പറഞ്ഞു.

ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗിന്റെ അറുപതാം വാർഷിക സമ്മേളനത്തിൽ ജൂബിലി മിഷൻ ട്രസ്റ്റ് ചെയർമാൻ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. രാജൻ ജെ. പല്ലൻ എംഎൽഎ, ജൂബിലി മിഷൻ സി.ഇ.ഒ ഡോ. ബെന്നി ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർ. ഫാ. ജോയ്സൺ ചെറുവത്തൂർ, സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ സിസ്റ്റർ റെജി അഗസ്റ്റിൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കല്ലിവളപ്പിൽ, കോളജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ജൂഡി എസ്.ഐ.സി, വൈസ് പ്രിൻസിപ്പൽ സിജി ജോസ് എന്നിവർ പ്രസംഗിച്ചു.

വജ്രജൂബിലി സുവനീർ നഴ്സിംഗ് സൂപ്രണ്ടന്റ് സിസ്റ്റർ മെറ്റിൽഡ പോൾ എഫ്.സി.സിക്ക് ആദ്യ കോപ്പി നൽകി പ്രകാശനം ചെയ്തു. വജ്രജൂബിലിയുടെ ഭാഗമായി ‘ഗിഫ്റ്റ് ഓഫ് കെയർ’ പദ്ധതിയിലൂടെ 60 നിർധനരായ ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായനിധി കൈമാറി. ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗിന്റെ ആദ്യ ബാച്ചിലെ വിദ്യാർത്ഥിയായിരുന്ന സിസ്റ്റർ ഗ്ലാഫീറയെ ആദരിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ സാംസ്കാരിക പരിപാടികളും അരങ്ങേറി.

— ഫോട്ടോ —

ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനച്ചടങ്ങായ ‘ആരോഹ 2026’ ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ ഉദ്ഘാടനം ചെയ്യുന്നു. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, രാജൻ പല്ലൻ എംഎൽഎ തുടങ്ങിയവർ സമീപം.